**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ കമ്മീഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം പൂർണ്ണമായും ഉടച്ചുവാർക്കുന്ന പ്രവർത്തനങ്ങൾക്ക് ശുപാർശകൾ നൽകാനായി ഏതെല്ലാം കമ്മീഷനുകളെ നിയോഗിച്ചുവെന്നും അവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ; | (എ) | 1. ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കേരള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ.ശ്യാം.ബി.മേനോൻ ചെയർമാനായുള്ള ഒരു ഏഴ് അംഗ കമ്മീഷനും 2. സർവ്വകലാശാല നിയമ പരിഷ്കാര കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിയമങ്ങൾ സമൂലമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ.എൻ.കെ.ജയകുമാർ ചെയർമാനായുള്ള ഒരു അഞ്ചംഗ കമ്മീഷനും, 3. പരീക്ഷാ പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ.സി.ടി.അരവിന്ദകുമാർ ചെയർമാനായുള്ള ഒരു നാലംഗ കമ്മീഷനും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടുകൾ നൽകാനായി കമ്മീഷനുകൾക്ക് നൽകിയ കാലപരിധി എത്രയെന്നും എത്ര കമ്മീഷനുകൾ റിപ്പോർട്ടുകൾ നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | റിപ്പോർട്ട് നൽകാൻ കമ്മീഷനുകൾക്ക് നിലവിൽ നൽകിയിട്ടുള്ള കാലപരിധി 21.03.2022 വരെയാണ്. |
| (സി) | റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ